**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.564** **03.03.2020-ൽ മറുപടിക്ക്**

**തത്തനംപുള്ളി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം**

| | ചോദ്യം<br><br>ശ്രീ . മുഹമ്മദ് മുഹസിൻ പി | | മറുപടി<br><br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| | തത്തനംപുള്ളി പ്രദേശത്ത് ഗാർഹിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുവാൻ പോലും പ്രയാസകരമായ രീതിയിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തത്തനംപുള്ളി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം സംബന്ധിച്ച് പ്രദേശവാസികൾ നൽകിയ നിവേദനം ഷൊർണ്ണൂർ ഇലക്ട്രിക്കൽ സർക്കിളിൽ ലഭിച്ചിരുന്നു. പ്രസ്തുത വിഷയം പരിഹരിക്കുന്നതി നായി തത്തനംപുള്ളി മേഖലയിൽ 2019 ഡിസംബർ മാസത്തിൽ 300 മീറ്റർ പുതിയ ത്രീ ഫേസ് ലൈൻ നിർമ്മിക്കുകയും 800 മീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി ഉയർത്തുകയും ചെയ്ത് വോൾട്ടേജ് ക്ഷാമം പരിഹരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ